# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 246 — 19.06.2014 ൽ മറുപടിക്ക്

## പൊതുമേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ. പി. റ്റി. എ. റഹീം: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിനു വേണ്ടി അരിമില്ലുകൾ സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിനു വേണ്ടി അരിമില്ലുകൾ സ്ഥാപിക്കുന്നതിന് 2013 - 14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അരി മില്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി മാവേലിക്കരയിലും തൃശ്ശൂർ ജില്ലയിൽ ചേലക്കരയിലും കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം തിട്ടപ്പെടുത്തിയിട്ടുണ്ട്. പക്ഷേ കൃഷി വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലം സപ്ലൈകോയ്ക്ക് കൈമാറി കിട്ടിയിട്ടില്ല. സ്ഥലം കൈമാറാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) വയനാട്, പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന 2013-14 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; സാമ്പത്തിക പ്രതിസന്ധി കാരണമായിട്ടുണ്ടോ; | (ബി) വയനാട്, പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന 2013 - 14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 14 കോടി രൂപയാണ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു കരട് പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. ഒരു ആധുനിക അരി മില്ല് സ്ഥാപിക്കുന്നതിന് ഏകദേശം 15 കോടി രൂപയാണ് പദ്ധതി ച്ചിലവ് കണക്കാക്കുന്നത്. സപ്ലൈകോയ്ക്ക് അരിമില്ലുകൾ മാവേലിക്കരയിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ബയോ പാർക്കിലും കൂടാതെ തൃശ്ശൂർ ചേലക്കരയിലുള്ള അഗ്രിക്കൾച്ചർ ഫാമിലും 5 ഏക്കർ വീതം ഭൂമി അനുവദിക്കാമെന്ന് ബഹു. കൃഷി /ഭക്ഷ്യ വകുപ്പ് മന്ത്രി തലത്തിൽ നടന്ന |

യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത ഭൂമി കൃഷി വകുപ്പിൽ നിന്ന് വിട്ടു കിട്ടാത്തതിനാൽ പദ്ധതി ആരംഭി ക്കാൻ കഴിഞ്ഞിട്ടില്ല.

(സി) സംഭരിക്കുന്ന നെല്ല് അരി യാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആശ്രയിക്കുന്ന സ്വകാര്യ മില്ലുകൾ അരി തിരിമറി നടത്തി മോശപ്പെട്ട അരി യാണ് തിരിച്ചേൽപ്പിക്കുന്ന തെന്ന ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാൻ എന്തു സംവിധാനമാണുള്ളതെന്ന റിയിക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സപ്ലൈകോയുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത ഗുണനിലവാര മുള്ള 68% അരി തിരിച്ചു നൽകുവാൻ മില്ലുകാർ ബാദ്ധ്യസ്ഥരാണ്. മില്ലുകാർ കുത്തി അരിയാക്കി പരിശോധനയ്ക്ക് തയ്യാറാക്കി വച്ചിരിക്കുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ (കൃഷി വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ വന്നിരിക്കുന്ന കൃഷി ഓഫീസർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥൻ), അതാത് ഡിപ്പോയിലെ ജൂനിയർ മാനേജർ, സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സംയുക്ത പരിശോധനാ സംഘമാണ്. ഈ പരിശോധനാ സംഘം ഗുണനിലവാരം വിലയിരുത്തി വിതരണത്തിന് സർട്ടിഫൈ ചെയ്ത അരിയാണ് റേഷൻ മൊത്ത വ്യാപാരികൾക്ക് നൽകുന്നത്. സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്ന് അതാത് മാസങ്ങളിൽ ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം ഓരോ താലൂക്ക് സപ്ലൈ ഓഫീസറും നൽകുന്ന അതോറിറ്റി ലിസ്റ്റ് അനുസരിച്ച് അരിയുടെ വിലയ്ക്കുള്ള ഡി.ഡി. യുമായി റേഷൻ മൊത്ത വ്യാപാരികൾ സിവിൽ സപ്ലൈസ് കോർപ്പ റേഷന്റെ തിരഞ്ഞെടുത്ത ഡിപ്പോകളിലെത്തു മ്പോൾ അവർക്ക് ഡിപ്പോയിൽ നിന്നും ഗുണനിലവാര പരിശോധന പൂർത്തിയാക്കിയ മില്ലുകളിലേക്ക് പാഡി വെബ് സൈറ്റ് മുഖേന റിലീസ് ഓർഡർ നൽകുന്നു. ഈ റിലീസ് ഓർഡറുമായി അതാത് മില്ലുകളിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ അരിയെടു ക്കുന്നു.

മില്ലിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾക്ക് അരി വിതരണം നടത്തു മ്പോൾ നേരത്തെ പാസ്സാക്കിയ അതേ ഗുണനിലവാരത്തിലുള്ള അരിയാണ് വിത

രണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്താൻ സപ്ലൈകോ എറണാകുളം ജില്ലയിൽ 3 ലിഫ്റ്റിംഗ് ഇൻസ്പെക്ഷൻ ടീമിനേയും പാലക്കാട് ജില്ലയിൽ 2 ടീമിനേയും ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ടീമിനേയും നിയോഗിച്ച് പരിശോധന നടത്തിവരുന്നു. മേൽ വിവരിച്ച പ്രകാരം നെല്ല് സംഭരിക്കുന്നതു മുതൽ മില്ലിൽ കുത്തി അരിയാക്കി റേഷൻ മൊത്ത വ്യാപാര സ്ഥാപനങ്ങൾ മില്ലിൽ നിന്നും അരി വിട്ടെടുക്കുന്നതു വരെ ക്രമക്കേടുകൾ ഒന്നും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള എല്ലാ പരിശോധന സംവിധാനങ്ങളും നിലവിലുള്ളതും അത് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുമുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൺട്രോൾ സെല്ലിലെ ഉദ്യോഗസ്ഥരും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരും ഇടക്കിടെ മില്ലുകളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

| | |
|---|---|
| (ഡി) സ്വകാര്യമില്ലുകൾ ഇത്തരം തട്ടിപ്പുകൾ പതിവാക്കിയ സാഹചര്യത്തിൽ പൊതു മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ യുടെ അധീനതയിൽ അരിമില്ലുകൾ തുടങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബഡ്ജറ്റ് പ്രഖ്യാപനത്തിനനുസരിച്ച് ആധുനിക രീതിയിൽ വയനാട്ടിലും തൃശ്ശൂരിലും കുട്ടനാട്ടിലും അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. സ്ഥലം ലഭ്യമാക്കാത്തതാണ് പ്രധാന തടസ്സം. സ്ഥലം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ അധീനതയിൽ വൈക്കത്ത് ഒരു മില്ല് പ്രവർത്തിക്കുന്നുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**

## വിശദീകരണക്കുറിപ്പ്

ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു കരട് പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. ഒരു ആധുനിക അരിമില്ല് സ്ഥാപിക്കുന്നതിന് ഏകദേശം 15 കോടി രൂപയാണ് പദ്ധതിച്ചെലവ് കണക്കാക്കുന്നത്. സപ്ലൈകോയ്ക്ക് അരിമില്ലുകൾ സ്ഥാപിക്കുന്നതിലേക്കായി മാവേലിക്കരയിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ബയോപാർക്കിലും കൂടാതെ തൃശ്ശൂർ ചേലിക്കരയിലുള്ള അഗ്രിക്കൾച്ചർ ഫാമിലും 5 ഏക്കർ വീതം ഭൂമി അനുവദിക്കാമെന്ന് ബഹു.കൃഷി /ഭക്ഷ്യ വകുപ്പ് മന്ത്രി തലത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഇതുവരെ കൃഷി വകുപ്പിൽ നിന്നും വിട്ടു കിട്ടിയിട്ടില്ല. കൃഷി വകുപ്പിൽ നിന്ന് ഭൂമി വിട്ടുകിട്ടാത്തതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വയനാട്ടിൽ നിന്നുള്ള നെല്ല് സംഭരണം താരതമ്യേന വളരെ കുറവാണ്. അതുകൊണ്ട് ഒരു ആധുനിക അരിമില്ല് വയനാട്ടിൽ സ്ഥാപിക്കുന്നത് വ്യാവസായിക അടിസ്ഥാനത്തിൽ ലാഭകരമാകുമെന്ന് തോന്നുന്നില്ല. കുട്ടനാട്, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളാണ് പ്രധാന നെല്ല് സംഭരണ കേന്ദ്രങ്ങൾ. പദ്ധതി നടപ്പാക്കാനുള്ള ശ്രമങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു.

വിതരണത്തിന് സൂക്ഷിച്ച അരിയുടെ ഗുണനിലവാരം പരിശോധിച്ചതിൽ ഗുണനിലവാരം കുറവുള്ള അരി സൂക്ഷിച്ചതിന് 2 മില്ലുകളുടെ പേരിൽ 2012 ൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

03.07.2012ൽ സപ്ലൈകോ ഉദ്യോഗസ്ഥർ പള്ളിക്കൽ അഗ്രോമിൽ, മറ്റൂർ, കാലടി എന്ന മില്ലിൽ നടത്തിയ പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ 1770 ചാക്ക് അരി (885 ക്വിന്റൽ) സൂക്ഷിച്ചതിന് ടി മില്ലിനെതിരെ കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

06.08.2012 ൽ കാർത്തിക മോഡേൺ റൈസ്മിൽ, കാഞ്ഞൂർ എന്ന മില്ലിൽ നടത്തിയ പരിശോധനയിൽ 580 ചാക്ക് (290 ക്വിന്റൽ) ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനായി സൂക്ഷിച്ചതിന് ടി മില്ലിനെതിരെ കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ